## 2019 ഒക്ടോബർ അസാധാരണ പ്രേഷിത മാസം
## പ്രേഷിതത്വത്തിൽ ഇന്നിന്റെ ആവശ്യകത

അസാധാരണ പ്രേഷിത മാസത്തിന്റെ വിഷയാവതരണഗ്രന്ഥവും ഫ്രാൻസിസ് പാപ്പ യുടെ ചാക്രിക ലേഖനവും അപ്പസ്തോലിക ലേഖനങ്ങളും അതിരൂപതയുടെ പ്രത്യേക സാഹചര്യവും പഠനവിഷയമാകുമ്പോൾ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ ഇന്നിന്റെ ആവശ്യകത എന്തൊക്കെയാണെന്നതിന്റെ സൂചനകൾ ലഭ്യമാകുന്നുണ്ട്:

പശ്ചാത്തലം: ബനഡിക്ട് 15-ാമൻ പാപ്പാ 1919 നവംബർ 30 ന് പുറപ്പെടുവിച്ച ""മാക്സിമും ഇല്ലുദ്"" (ഏറ്റവും വലിയ ആ കാര്യം) എന്ന അപ്പോസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയനുസ്മരണം. ഇതിന്റെ പശ്ചാത്തലത്തിൽ സഭയുടെ പ്രേഷിതത്വ പ്രബുദ്ധതയും സമർപ്പണവും 2019 ഒക്ടോബർ മാസത്തിൽ പുനഃരുജ്ജീവിപ്പിക്കണം. അതായത് സഭയുടെ ഏക ദൗത്യമായ സുവിശേഷവല്ക്കരണത്തിന്റെ പുതിയമാനം, ഉത്ഥിതനായ യേശു നല്കുന്ന രക്ഷ ലോകത്തോട് പങ്കുവയ്ക്കേണ്ടതിന്റെ ആവശ്യകത ഫ്രാൻസീസ് പാപ്പാ ബോധ്യപ്പെടുത്തുന്നു.

- ഈ ലക്ഷ്യം മുൻനിർത്തിയാണ് ഫ്രാൻസീസ് പാപ്പാ 2019 ലെ ലോകമിഷൻ ദിന സന്ദേശം : ‘‘ജ്ഞാനസ്നാനപ്പെട്ട് അയക്കപ്പെട്ടവർ : ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ’’എന്ന പേരിൽ പുറപ്പെടുവിച്ചിരിക്കുന്നത്.
- “മാക്സിമും ഇല്ലുദി’’ന്റെ പുനഃവായന ഫ്രാൻസീസ് പാപ്പായെ (ആഗോള കത്തോലിക്കാ സഭയെ)രണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നു.
    1. സഭയുടെ പ്രേഷിതത്വ സമർപ്പണം നവീകരിക്കേണ്ടതിന്റെ പ്രാധാന്യം
    2. ഉത്ഥിതനായ ക്രിസ്തു വാഗ്ദാനം ചെയ്യുന്ന രക്ഷ ലോകത്തിന് കൈമാറേണ്ടതിന്റെയും സഭയുടെ സുവിശേഷ പ്രവർത്തനത്തിന് പുതിയമാനം നല്കേണ്ടതിന്റെയും ആവശ്യകത
- മിഷണറി മാസാചണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത് :
    1. പ്രേഷിതത്വത്തിന്റെ അർത്ഥം വ്യക്തമാക്കി മനസ്സിലാക്കുക.
    2. യേശുവിലുള്ളനമ്മുടെ വിശ്വാസത്തിന്റെ പ്രേഷിതമാനം വീണ്ടുംകണ്ടെത്താൻ സഹായിക്കുക.
- മാമോദീസായിൽ സൗജന്യമായി നല്കപ്പെട്ട വിശ്വാസവും അതിലൂടെ കൈവരിച്ച ദൈവവുമായുള്ള ബന്ധവും സ്വകാര്യ വസ്തുവല്ല, വില്പനയ്ക്കുള്ള ഉല്പന്നവുമല്ല.

1. **മറിച്ച് അത്** — നൽകപ്പെടേണ്ട / പങ്കുവയ്ക്കപ്പെടേണ്ട / പ്രഘോഷിക്കപ്പെടേണ്ട — **ഒരു നിധിയാണ്.**

**പ്രേഷിതത്വത്തിന്റെ സഭാത്മകമാനം**

1. സഭ ലോകത്തിൽ മിഷനറിയാണ്.
2. യേശു ക്രിസ്തുവിലുള്ള വിശ്വാസം നമുക്ക് ശരിയായ കാഴ്ച നൽകുന്നു.
3. പ്രത്യാശ നൽകുന്നു.
4. പങ്കുവയ്ക്കുന്ന പരസ്നേഹം ലോകത്തിന്റെ അതിരുകൾ മുന്നേറാൻ ശക്തി നൽകുന്നു ( 2 കൊറി 5:14-21).




**<u>പ്രേഷിത കല്പന</u>**

1. ഞാൻ എപ്പോഴും ഒരു ‘മിഷൻ ’ആണ്.
2. നീ എപ്പോഴും ഒരു മിഷൻ ആണ്.
3. മാമോദീസാ സ്വീകരിച്ച ഓരോ സ്ത്രീയും പുരുഷനും ഒരു മിഷൻ ആണ്.

**<u>പ്രേഷിതത്വത്തിന്റെ ഫലങ്ങൾ</u>**

പ്രേഷിത ദൗത്യം സ്വീകരിച്ചവർ –- സ്നേഹത്തിൽ ജീവിക്കുന്നവർ

- ഒരിക്കലും നിശ്ചലരായി നില്ക്കുന്നില്ല.
- അവരിൽ നിന്നും പുറത്തോട്ടു വരുന്നു.
- ആകർഷിക്കപ്പെടുന്നു, മറ്റുള്ളവരെ ആകർഷിക്കുന്നു.
- ജീവൻ നല്കുന്ന ബന്ധങ്ങൾ സ്ഥാപിക്കുന്നു.

**<u>മാമോദീസയിലൂടെ ലഭ്യമാകുന്ന ഫലങ്ങൾ</u>**

1. ദൈവീക ജീവൻ പ്രദാനം ചെയ്യുന്നു.
2. യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന ദാനം നല്കുന്നു.
3. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുള്ള പുനർജനനം സാധ്യമാക്കുന്നു.
4. സഭയിലെ അംഗത്വം നൽകുന്നു.
5. ദൈവത്തിന്റെ ദത്തുപുത്രരാക്കി മാറ്റുന്നു: ദൈവത്തിന്റെ പിതൃത്വത്തിലും സഭയുടെ മാതൃത്വത്തിലും പങ്കുകാരാകുന്നു.

- മാനസാന്തരവും രക്ഷയും തേടുന്ന ഓരോ വ്യക്തിയ്ക്കും മാമോദീസ ഒരേ സമയം വിളിയും ലക്ഷ്യവുമാണ്.
- ഉത്ഥിതനായ ക്രിസ്തു ഈസ്റ്ററിൽ നല്കിയ കല്പന മാമോദീസായിൽ ഉൾച്ചേർന്നിരിക്കുന്നു.
- പിതാവ് എന്നെ അയച്ചതുപോലെ ഞാൻ പരിശുദ്ധാത്മാവിനാൽ നിറച്ച് നിന്നെ അയക്കുന്നു. ലോകത്തിന്റെ അനുരഞ്ജനത്തിനുവേണ്ടി.
- ദത്തുപുത്ര ബന്ധത്തിലേക്ക് എല്ലാ മനുഷ്യരെയും ക്ഷണിക്കുവാനുള്ള കടമ മാമോദീസ സ്വീകരിച്ച എല്ലാ വ്യക്തികൾക്കുമുണ്ട്.
- മിഷൻ നേരിടുന്ന വെല്ലുവിളി അനിയന്ത്രിതമായ ഇന്നത്തെ സെക്കുലറിസമാണ്. ഇതിന്റെ ഫലമായി
- ദൈവിക പിതൃത്വത്തെ നിരാകരിക്കുന്നു.
- മനുഷ്യ സാഹോദര്യത്തിന് തടസ്സമായി തീരുന്നു.
- മനുഷ്യ ജീവനോടുള്ള ആദരവ് നഷ്ടപ്പെടുത്തുന്നു.

**<u>സഭയുടെ സാർവ്വത്രിക മിഷൻ</u>**

1) ദേശീയവാദവും വംശവാദവും അവസാനിപ്പിക്കണം.
2) എല്ലാ ജനതയോടും സംസ്ക്കാരത്തോടും തുറവിയുള്ളവരാകണം.

3) വീടും കുടുംബവും രാജ്യവും ഭാഷയും പ്രാദേശിക സഭയും ഉപേക്ഷിച്ച് ക്രിസ്തുവിനെ ഇനിയും അറിയാത്ത മനുഷ്യരുടെ അടുക്കലേയ്ക്ക്, ദേശങ്ങളിലേയ്ക്ക് കടന്നുചെല്ലണം

**പ്രേഷിത ദൗത്യവുമായി ക്രസ്തുവിന്റെ സഭ ലോകത്തിൽ**

- സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ
- തീർത്ഥാടക സഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. കാരണം അവൾ പിതാവായ ദൈവത്തിന്റെ നിശ്ചയമനുസരിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷണത്തിൽ നിന്നാണ് ജന്മമെടുക്കുന്നത് (അഏ 2)

**നവസുവിശേഷവല്ക്കരണം സുവിശേഷത്തിന്റെ ആനന്ദത്തിൽ**

- സുവിശേഷം സ്വീകരിക്കുവാൻ എല്ലാവർക്കും അവകാശമുണ്ട്, ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുണ്ട് (സുവി. ആനന്ദം 14).
- അതിനാൽ നമുക്ക് നിസംഗതയോടെ പള്ളിക്കെട്ടിടങ്ങളിൽ സ്വസ്തമായി കാത്തിരിക്കാൻ സാധിക്കില്ല (സുവി. ആനന്ദം 15).

**നവസുവിശേഷവല്ക്കരണത്തിന്റെ 3 മേഖലകൾ**

1) സാധാരണ അജപാലന ശുശ്രൂഷയുടെ മണ്ഡലം: ആരാധന സമൂഹത്തിൽ സ്ഥിരം പങ്കെടുക്കുന്നവരും ദൈവവചനത്താലും ദിവ്യകാരുണ്യത്താലും പരിപോഷിപ്പിക്കപ്പെടാനായി ഞായറാഴ്ചകളിൽ ഒന്നിച്ചുകൂടുന്ന വിശ്വാസികൾക്കുവേണ്ടിയുള്ള പ്രവർത്തനം.
2) മാമോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടിയുള്ള ശുശ്രൂഷ.
3) യേശുക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലുള്ള ശുശ്രൂഷ.

**അസാധാരണ പ്രേഷിത മാസത്തിൽ ശ്രദ്ധ നൽകേണ്ട 4 കാര്യങ്ങൾ**

1) വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവുമായ പ്രാർത്ഥനകൾ എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിലോടുള്ള വൈയക്തിക ബന്ധം.
2) പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശ്വാസപ്രഘോഷകരുടെയും ജീവിതങ്ങൾ മാതൃകയാക്കിക്കൊണ്ടുള്ള ക്രൈസ്തവ ജീവിത സാക്ഷ്യം.
3) വിശുദ്ധഗ്രന്ഥം, മതബോധനം, ആദ്ധ്യാത്മിക ശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ അധിഷ്ഠിതമായ വൈദീക- സന്യസ്ത- അല്മായ മേഖലകളിലുള്ള പ്രേഷിത രൂപീകരണം.
4) ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തു സ്നേഹം പ്രകടമാക്കുന്ന നിസ്വാർത്ഥമായ പ്രേഷിത പ്രവർത്തനം.

## I. വിശ്വാസം സ്വീകരിച്ചവർക്ക് വേണ്ടിയുള്ള സാധാരണ അജപാലന പ്രവർത്തനങ്ങൾ

A. കുടുംബ/ബി.സി.സി. യൂണിറ്റ്തല പ്രേഷിത പ്രവർത്തനങ്ങൾ

B. ഇടവകതല പ്രേഷിത പ്രവർത്തനങ്ങൾ

C. ഫെറോനതല പ്രവർത്തനങ്ങൾ

D. അതിരൂപതാതല പ്രവർത്തനങ്ങൾ

E. യുവജനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ

F. കുട്ടികൾക്കും അദ്ധ്യാപകർക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ

### A. കുടുംബ/ബി.സി.സി. യൂണിറ്റ്തല പ്രേഷിത പ്രവർത്തനങ്ങൾ

1. കുടുംബങ്ങളെ നവീകരിച്ച് പ്രേഷിതദൗത്യത്തിൽ പങ്കുകാരാക്കാം (ഹോം മിഷൻ, കുടുംബശുശ്രൂഷയുടെ നേതൃത്വത്തിൽ കുടുംബങ്ങളെ അനുദാവനം ചെയ്യുന്ന പ്രവർത്തനം).

2. മാധ്യമ വിമുക്ത കുടുംബമണിക്കൂർ: അസാധാരണ പ്രേഷിത മാസമായ ഒക്ടോബറിൽ അതിരൂപതയിലെ എല്ലാ ഭവനങ്ങളിലും രാത്രി 7.00 മുതൽ 8.00 വരെ അല്ലെങ്കിൽ 7.30 മുതൽ 8.30 വരെ മാധ്യമവിമുക്ത കുടുംബമണിക്കൂർ (കുടുംബത്തിൽ എല്ലാവരും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുക, ഭക്ഷണം കഴിക്കുക, സ്നേഹ സംഭാഷണത്തിലേർപ്പെടുക) ആചരിക്കുക.
3. കരുണയുടെ പ്രേഷിതപ്രവർത്തനം: അതിരൂപതയിലെ കിടപ്പുരോഗികളെ സന്ദർശിക്കുക. മാനസിക വ്യഥകളുള്ളവരുടെയും ഓട്ടിസം ബാധിച്ച കുട്ടികളുമുള്ള കുടുംബങ്ങളിലേക്ക് പ്രേഷിത പ്രവർത്തനം നടത്തുക. (കുടുംബ പ്രേഷിത ശുശ്രൂഷ)
4. ഒക്ടോബർമാസം ഓരോ ദിവസവും എല്ലാ കുടുംബവും ഒരു ബൈബിൾ വചനം കാണാതെ പഠിക്കുക.
5. ഓരോ കുടുംബവും ഓരോ ദിവസവും 5 രൂപയെങ്കിലും മിഷൻ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുക.
6. യൂണിറ്റ് തലത്തിൽ അനാഥാലയങ്ങളും വൃദ്ധ മന്ദിരങ്ങളും സന്ദർശിക്കാനും അവരെ സഹായിക്കുവാനും പ്രോത്സാഹിപ്പിക്കുക.

## B. ഇടവക തല പ്രവർത്തനങ്ങൾ

1) എല്ലാ ഇടവകകളിലും സെപ്റ്റംബർ 29-ാം തിയതി ഞായറാഴ്ച അസാധാരണ പ്രേഷിത മാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു. അതിന്റെ ഭാഗമായി പ്രത്യേക ദിവ്യബലി അർപ്പിക്കുകയും തുടർന്ന് പ്രേഷിത പതാക ഉയർത്തുകയും ചെയ്യുന്നു. ദേവാലയത്തിൽ പ്രേഷിത ലോഗോ പ്രദർശിപ്പിക്കുക. അന്നേ ദിനം ഉച്ചയ്ക്ക് ശേഷം ഇടവകയിലെ യൂണിറ്റ് ഭാരവാഹികൾക്കും ശുശ്രൂഷാതല പ്രവർത്തകർക്കും പ്രേഷിത പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിക്കുക.
2) മിഷൻ ഞായറാഴ്ച ദിവ്യബലി മദ്ധ്യേ ഒരു മിഷനറിയുടെ അനുഭവം പങ്കുവയ്ക്കുവാനുള്ള അവസരം ഒരുക്കുക.
3) 3. മിഷൻ ഞായറാഴ്ച ഓരോ ഇടവകയിലും വിശുദ്ധരുടെ മിഷൻ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ചാർട്ട് മത്സരം സംഘടിപ്പിക്കുക. (യൂണിറ്റ് അടിസ്ഥാനത്തിൽ മത്സരം സംഘടിപ്പിക്കുക; ഇത്തരം ചാർട്ടുകൾ മിഷൻ ഞായറാഴ്ച പള്ളിയങ്കണത്തിൽ പ്രദർശിപ്പിക്കുക)
4) **പ്രേഷിത പ്രഘോഷണ വിളക്കുകളുടെ പ്രയാണം.**

   മാസത്തിന്റെ ആദ്യ ദിനം തന്നെ ഇടവകയിലെ ഓരോ ഭവനത്തിലും പ്രേഷിത വിളക്ക് തെളിയിക്കുക. രണ്ടാം ദിനം ആ വിളക്ക് ഒരു ദൈവവചനവുമായി അടുത്ത വീട്ടിലേയ്ക്ക് കൈമാറുന്നു. അങ്ങനെ ഒക്ടോബർ മാസത്തിന്റെ എല്ലാ ദിവസവും പുതിയ പ്രേഷിത പ്രഘോഷണ വിളക്കും പ്രേഷിത വചനവും നമ്മുടെ വീട്ടിലെത്തുകയും അടുത്ത വീട്ടിലേയ്ക്ക് പുറപ്പെടുകയും ചെയ്യുന്നു.
5) **ജീവിത നവീകരണ ധ്യാനങ്ങളും പഠന ശിബിരങ്ങളും**

   'ദൈവ വചനം കേൾക്കുന്നതിന് നിന്റെ കാതുകളെയും ദൈവത്തിന്റെ സ്തുതിയ്ക്കും മഹത്വത്തിനുമായി അവിടുന്ന് നിന്റെ അധരങ്ങളെയും തുറക്കുമാറാകട്ടെ '' എന്ന ജ്ഞാനസ്നാന വചനത്തെയും ' ഞങ്ങൾക്ക് ലഭിക്കുന്ന കുഞ്ഞുങ്ങളെ ക്രൈസ്തവ വിശ്വാസമനുസരിച്ച് വളർത്തുവാൻ ഞങ്ങൾ സന്നദ്ധരാണ് '' എന്ന വിവാഹ വാഗ്ദാനത്തെയും ആസ്പതമാക്കി എഫ്ഫാത്ത, പെനുവെൽ ധ്യാന പരമ്പരകളും പഠനശിബിരങ്ങളും സംഘടിപ്പിക്കുക.
6) ഇടവകയിലെ ചെറു സാമൂഹിക - സഭാ പ്രസ്ഥാനങ്ങളെ (Social Ecclesial movements) ശക്തിപ്പെടുത്തി പ്രേഷിതപ്രവർത്തനത്തിന് സജ്ജരാക്കുക (അല്മായ ശുശ്രൂഷയിലെ വിവിധ സമുദായിക സംഘടനകൾ, ഭക്തസംഘടനകൾ, ബിസിസി, സാമൂഹിക ശുശ്രൂഷയിലെ വിവിധ സാമൂഹിക സംഘടനകൾ എന്നിവയിലൂടെ ഇത് സാധ്യമാക്കാം).

## C. ഫെറോനതല പ്രവർത്തനങ്ങൾ

സാമൂഹ്യ ശുശ്രൂഷയുടെ നേതൃത്വത്തിൽ ഫെറോനതലത്തിൽ താഴെപ്പറയുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ ക്രമീകരിക്കാവുന്നതാണ്.

1. അസാധാരണ പ്രേഷിത മാസത്തെക്കുറിച്ച് പ്രത്യേക 'ഉണർവ്വ് '' പഠനപത്രിക തയ്യാറാക്കി ഫെറോന എക്സിക്യൂട്ടീവ്, ജനറൽബോഡി അംഗങ്ങൾക്കും എസ്.എച്ച്.ജി., കെ.എൽ.എം അംഗങ്ങൾക്കും പഠനക്ലാസും ചർച്ചയും തുടർപ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു.
2. **വിധവയുടെ കാണിക്ക (മാർക്കോസ്12:41-44)**

    SAFP ഗുണഭോക്താക്കൾക്ക് (അധികവും വിധവകൾ ) ക്ലാസും പ്രേഷിത പ്രവർത്തനവും - അവരുടെ ഇടയിലുള്ള ഒരു കുടുംബത്തെ സഹായിക്കുന്നു.
3. **ഞാൻ രോഗിയായിരുന്നു നിങ്ങളെന്നെ സന്ദർശിച്ചു (മത്തായി 25:36)**

    ഒരു ഫെറോനയിലെ 50 ൽ കുറയാത്ത കിടപ്പു രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് സാന്ത്വനവും സഹായ വിതരണവും നൽകുന്നു.
4. ഓരോ ഫെറോനയിൽ നിന്നും 5 മദ്യപാനികളെ വീതം അധികമായി കണ്ടെത്തി മദ്യവിമുക്ത കേന്ദ്രത്തിലും (De-Addiction Centre) മുക്തി ധ്യാനത്തിലും പങ്കെടുപ്പിക്കുന്നു.
5. **ഫെറോനതല ദൈവവിളി ക്യാമ്പ്**

    മിഷൻ സ്ഥലങ്ങളിലേയ്ക്ക് വൈദിക സന്യസ്ഥ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു.

## D. രൂപതാതല പ്രവർത്തനങ്ങൾ

1. 2019 ഒക്ടോബർ മാസം മുഴുവനും ഉപയോഗിക്കാനുള്ള കുടുംബ പ്രാർത്ഥന ബുക്ക് (ബൈബിൾ വായന ഭാഗം ഉൾപ്പെടെ)-തയ്യാറാക്കി ഓരോ കുടുംബത്തിനും നൽകുക ദിവസത്തിലെ ഒരു പ്രത്യേക സമയം കുടുംബപ്രാർത്ഥന സമയമായി പ്രഖ്യാപിച്ച് സാധിക്കുന്നതും അതിരൂപതയിലെ എല്ലാ കുടുംബങ്ങളും ആ സമയത്ത് കുടുംബപ്രാർത്ഥന നടത്തുന്നൂ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക. (വൈദീകർ, സന്യസ്തർ, റിസോഴ്സ് ടീം അംഗങ്ങൾ എന്നിവർ കുടുംബപ്രാർത്ഥനയ്ക്ക് വിവിധ ഭവനങ്ങളിൽ പങ്കുചേരുന്നത് ഉചിതമായിരിക്കും).
2. അസാധാരണ പ്രേഷിത മാസാചരണത്തിന്റെ ഉത്ഘാടന ദിവസം ഇടവകകളിൽ ഉപയോഗിക്കുവാൻ ആവശ്യമായ പ്രേഷിത പതാക, പ്രേഷിത ലോഗൊ, ദിവ്യബലിയ്ക്ക് ആവശ്യമായ പ്രാർത്ഥനാ സഹായി എന്നിവ തയ്യാറാക്കി എല്ലാ ഇടവകകളിലും ലഭ്യമാക്കുക.
3. ഫെറോന ഇടവകതല പ്രേഷിത സെമിനാറുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകാൻ ആവശ്യമായ റിസോഴ്സ് പേഴ്സണുകളെ പരിശീലനം നൽകി ലഭ്യമാക്കുക.
4. അതിരൂപത സാമൂഹ്യ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ അന്യസംസ്ഥാന പ്രവാസി തൊഴിലാളികളുടെ രൂപതാതല കൂടിവരവ് സംഘടിപ്പിക്കുന്നു അവരുടെ അവകാശങ്ങളെക്കുറിച്ച് നോർക്കയുമായി ചേർന്ന് അറിവ് പകരുന്നു, പ്രത്യേകിച്ച് ആരോഗ്യ പരിപാലനം റേഷൻ ലഭ്യത എന്നീ കാര്യങ്ങളിൽ അവരെ സഹായിക്കുന്നു.
5. നമ്മുടെ രൂപതയിൽ നിന്നും മറ്റു സ്ഥലങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളെ സന്ദർശിച്ച് അവരുടെ അജപാലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. (സാമൂഹ്യ, അജപാലന ശുശ്രൂഷാ സമിതികൾ )
6. വൈദീകർക്കും സന്യസ്തർക്കും പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ചുള്ള സഭാപ്രബോധനങ്ങളെ ആസ്പതമാക്കി പഠനശിബിരങ്ങളും ചർച്ചകളും സംഘടിപ്പിക്കുക.
7. പ്രകൃതിയുടെ സംരക്ഷണം പ്രേഷിത ദൗത്യമായി കണ്ടുകൊണ്ട് സംസ്ഥാന സർക്കാരിനോട് ചേർന്ന് ഫ്ളെക്സിന്റെ ഉപയോഗം ഇല്ലാതാക്കുകയും കേന്ദ്ര സർക്കാരിനോട് ചേർന്ന് പ്ലാസ്റ്റിക് നിരോധന പ്രവർത്തനങ്ങളും രൂപതയിൽ വ്യാപകമാക്കാം. സാമൂഹിക ശുശ്രൂഷയ്ക്ക് ഇതിൽ പ്രധാന പങ്ക് വഹിക്കാനാകും.

8. **അടിസ്ഥാന കത്തോലിക്ക വിശ്വാസം ശരിയായ വിധത്തിൽ വിശ്വാസികളെ പഠിപ്പിക്കുക.**

(പെന്തക്കോസ്തക്കാർ ഉാക്കുന്ന ആശയകുഴപ്പങ്ങൾ നേരിടാൻ വിശ്വാസികൾക്ക് ശരിയായ ക്രൈസ്തവ ബോധ്യം നൽകുക; എല്ലാ മതങ്ങളുടെയും അടിസ്ഥാനം ഒന്നാണ്-തുടങ്ങിയ ന്യൂലിബറൽ-സെക്യുലർ വാദങ്ങളിൽ വിശ്വാസികൾ പ്രലോഭിപ്പിക്കപ്പെടാതിരിക്കാനുള്ള അവബോധം നൽകണം.)
പ്രവർത്തനം:

- ☞ ബി.സി.സി വചനജ്വാലയിലൂടെ അടിസ്ഥാന വിശ്വാസം പഠിപ്പിക്കുക.
- ☞ മതബോധന അധ്യാപകർക്ക് പ്രത്യേക സിലബസ് തയ്യാറാക്കി അടിസ്ഥാന ക്രൈസ്തവ വിശ്വാസം പഠിപ്പിക്കുക. അവരെ റിസോഴ്സ് പേഴ്സൺസ് ആയി ഉപയോഗിക്കുക.

9. ഒക്ടോബർ മാസത്തെ അവസാനത്തെ ഞായറാഴ്ച ലീജൻ ഓഫ് മേരിയുടെയും ഇതര മരിയ ഭക്തസംഘടനകളുടെയും സഹകരണത്തോടെ അതിരൂപതാതല ജപമാല റാലിയും സമാപന ദിവ്യബലിയും സംഘടിപ്പിക്കുന്നു.

10. **സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള പ്രേഷിതപ്രവർത്തനം:**

കുടുംബ പ്രേഷിത ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തിലെ ഓരോ ദിവസത്തിലും പ്രേഷിതപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ, പ്രേഷിത പ്രവർത്തനത്തിലായിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സഹായിക്കുന്ന വചനം, വിചിന്തനം, വചനജീവിതം എന്നിവ അടങ്ങുന്ന ബ്ലോഗുകൾ തയ്യാറാക്കി എല്ലാ സാമൂഹിക മാധ്യമങ്ങളിലൂടെയും പ്രേഷിതപ്രവർത്തനം നടത്തുന്നതാണ്.

## E. കുട്ടികൾക്കും അധ്യാപകർക്കും വേണ്ടിയുള്ള പ്രേഷിത പ്രവർത്തനങ്ങൾ

1. പ്രേഷിത ചൈതന്യത്തെക്കുറിച്ചുള്ള സെമിനാർ അധ്യാപകർക്ക് നൽകും.
2. പ്രേഷിത ചൈതന്യത്തെക്കുറിച്ചും വിശുദ്ധരുടെ പ്രേഷിത മാതൃകകളെക്കുറിച്ചും- അധ്യാപകർക്ക് ഉപന്യാസ മത്സരം.
3. പ്രേഷിത മാസത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകതക്കവിധം ജ്യോതിസിന്റെ (കുട്ടികളുടെ മാസിക) പ്രത്യേക പതിപ്പ് തയ്യാറാക്കി എല്ലാ കുട്ടികൾക്കും നൽകുന്നു. പ്രേഷിത ക്വിസ് സംഘടിപ്പിക്കുന്നു (വിദ്യാർത്ഥികൾക്ക് ഒട & ഒടട വിഭാഗം).
4. എല്ലാ സ്കൂളുകളിലും പ്രേഷിത മാസത്തിൽ കത്തോലിക്ക കുട്ടികൾക്ക് പ്രത്യേക ദിവ്യബലിയും ദിവ്യകാരുണ്യ ആരാധനയും.
5. സുവിശേഷമൂല്യം ഉൾക്കൊള്ളുന്ന ഡോക്യുമെന്ററി പ്രദർശനം- വിദ്യാർത്ഥികൾക്ക് (through smart classrooms) (1 മുതൽ 6 വരെയുള്ള പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ ശുശ്രൂഷ നേതൃത്വം നൽകുന്നു.)
6. കുട്ടികളിൽ പ്രേഷിത ചൈതന്യം വ്യാപിപ്പിക്കുവാനായി മതബോധന സമിതിയെയും, കെ.സി.എസ്.എൽ, അൾത്താരശുശ്രൂഷകർ, ലിറ്റിൽവേ, ക്രിസ്റ്റീൻ എന്നീ സംഘടനകളെയും പ്രോത്സാഹിപ്പിക്കുക.
7. **ശിശുക്കളെ എന്റെ അടുത്ത് വരുവാൻ അനുവദിക്കുവിൻ (മത്തായി 19:14)**

സാമൂഹ്യ ശുശ്രൂഷയുടെ നേതൃത്വത്തിൽ ഫെറോന തലത്തിൽ ചൈൽഡ് പാർലമെന്റിലെ കുട്ടികൾക്ക് പ്രേഷിത അവബോധവും തുടർപ്രവർത്തനവും നടത്തുന്നു.

8. മതബോധന ക്ലാസിലെ കുട്ടികൾക്ക് മിഷൻ അനുഭവം ലഭിക്കുന്നതിനായി മിഷനറിമാരുടെ ജീവിത ചരിത്രത്തെ കേന്ദ്രമാക്കി ഫിലിം ഫെസ്റ്റിവലും എക്സിബിഷനും നടത്തുന്നു.
9. ഇടവകയിലെ അദ്ധ്യാപകരുടെയും മറ്റ് അഭ്യൂത കാംഷികളുടെയും സഹകരണത്തോടെ അക്ഷരമറിയാത്ത, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന, പഠനം നിർത്തിയ കുട്ടികളെ കണ്ടെത്തി അക്ഷര ക്ലാസുകളും പ്രത്യേക ട്യൂഷനും ക്രമീകരിക്കുക.

**യുവജനങ്ങൾക്കുവേണ്ടിയുള്ള പ്രേഷിത പ്രവർത്തനങ്ങൾ**

1. വിശുദ്ധ മദർതെരേസയുടെ പ്രചോദനം ഉൾക്കൊുകൊണ്ട് 'കൂടെ'' എന്ന പ്രോഗ്രാമിലൂടെ ക്യാൻസർ രോഗികളെ സന്ദർശിച്ച് ശുശ്രൂഷിക്കുവാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക.
2. യുവജനങ്ങൾക്ക് സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങളെ ആസ്പതമാക്കി പഠന കളരികളും ചർച്ചകളും സംഘടിപ്പിച്ച് പ്രേഷിത ചൈതന്യം വളർത്തുക.
3. ബൈബിളിലെ പ്രേഷിത അനുഭവങ്ങളെ ആസ്പതമാക്കി നാടകം, ചവിട്ട്നാടകം, സ്കിറ്റ്, മൈം, ടാബ്ളോ എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുക.
4. അനാഥാലയങ്ങൾ, വൃദ്ധ മന്ദിരങ്ങൾ, ആദുരാലയങ്ങൾ എന്നീ കേന്ദ്രങ്ങൾ സന്ദർശിച്ച് അവിടുത്തെ അന്തേവാസികളോടൊപ്പം ഒരു ദിവസം ചെലവഴിക്കാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

## II.മാമോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടിയുള്ള ശുശ്രൂഷ.

1. കുടുംബങ്ങളിലേയ്ക്ക് പ്രേഷിതപ്രവർത്തനം:
   കൗദാശികജീവിതം നയിക്കാത്ത, വേർപിരിഞ്ഞു ജീവിക്കുന്ന, കുടുംബപ്രശ്നങ്ങളുള്ള കുടുംബങ്ങളിലെത്തി, കരുണയുടെ അജപാലനത്തിലൂടെ കൗദാശിക ജീവിതം നയിക്കാനും സന്തോഷ കുടുംബജീവിതം നയിക്കാനും പ്രാപ്തരാക്കുന്ന പ്രവർത്തനം എല്ലാ ഇടവകകളിലും നിർവ്വഹിക്കുക.
2. 'അനന്തപുരി ബൈബിൾ കൺവെൻഷൻ' പ്രേഷിത പ്രവർത്തനത്തിന് സഹായകമാണ്. ഈ കൺവെൻഷൻ മൂന്ന് റീത്തുകൾ ഉൾപ്പെടുന്ന ഔദ്യോഗിക കരിസ്റ്റമാറ്റിക് സർവ്വീസ് ടീമിന്റെ ഭാഗമാക്കാവുന്നതാണ്.
3. ഇതര ക്രൈസ്തവ സഭകളുമായുള്ള ഐക്യം പ്രേഷിത പ്രവർത്തനമായി കാണണം സഭൈക്യവാരം ജനുവരി 18-25 സമുചിതമായി ആചരിക്കുകയും സഭൈക്യ പ്രവർത്തനങ്ങളിൽ താത്പര്യപൂർവ്വം പങ്കുചേരുകയും ചെയ്യുന്നു.
4. ഞായറാഴ്ച പള്ളിയിൽ വരാത്തവർ, ആണ്ടു കുമ്പസാരം നടത്താത്തവർ, കൗദാശിക ജീവിതത്തിൽ നിന്ന് അകന്നു നിൽക്കുന്നവർ എന്നിവരോട് വ്യക്തിപരമായി സുവിശേഷ പ്രഘോഷണം നടത്താനും സുവിശേഷത്തിന്റെ ആനന്ദത്തിലേക്ക് അവരെ കൂട്ടികൊണ്ടുവരാനും പ്രത്യേക ടാക്സ് ഗ്രൂപ്പ് വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ രൂപം കൊടുക്കുക. (ഇടവക തലത്തിൽ)

## III. യേശുക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലുള്ള ശുശ്രൂഷ

1. ഇതരമതങ്ങളുമായുള്ള സംവാദം (സെപ്റ്റംബർ 5 മദർ തെരേസയുടെ തിരുനാൾ ദിനം അജപാലനശുശ്രൂഷയിലെ മതസംവാദ കമ്മിഷന് ഇതരമത സമ്മേളനം പാളയം, പേട്ട ഫെറോനകളുടെ സഹകരണത്തോടെ നടത്താം).

2. മിഷൻ പ്രവർത്തനത്തിന് ഒരു ടീം: അക്രൈസ്തവരുടെ ഇടയിൽ ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ ക്രിസ്തു സ്നേഹം എത്തിക്കാനും മിഷൻ ഇടവകകളെ കൂടുതൽ ശ്രദ്ധിക്കാനും, ഭാവിയിൽ ഈറ്റാനഗർ മിഷൻ രൂപതയിൽ പ്രേഷിതപ്രവർത്തനം ചെയ്യാനുമായി വൈദീകരും സന്യസ്തരും അൽമായരുമടങ്ങുന്ന 15-20 പേരടങ്ങുന്ന ഒരു മിഷൻ ടീമിനെ ഒരുക്കുക.